(ബി)-(ഡി)ഉണ്ട്. പുതുക്കിയ ഭരണാനുമതിയ്ക്കുള്ള നിർദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

100 (539) മാവേലിക്കര മിനി സിവിൾ സ്റ്റേഷൻ മന്ദിരം

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മിനി സിവിൾ സ്റ്റേഷൻ മന്ദിരത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ജോലിക്ക് അടുത്തഘട്ടം പണിക്കൾക്കായി ഭരണാനുമതിയ്ക്ക് വേണ്ടി സർക്കാരിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൻമേൽ അടിയന്തിരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒന്നാംഘട്ടം പണി പൂർത്തിയായി.

(ബി) രണ്ടാം ഘട്ടം പണിക്കുള്ള എസ്റ്റിമേറ്റ് പുതുക്കിയ ഷെഡ്യൂൾ റേറ്റിൽ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതു ലഭിച്ച ശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

101 (541) റവന്യൂ ടവർ നിർമ്മാണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന റവന്യൂ ടവർ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദീകരിക്കുമോ;

(ബി) റവന്യൂ ടവർ നിർമ്മാണത്തിന് ഏതെല്ലാം സാമ്പത്തിക ഏജൻസികളാണ് ധനസഹായം നൽകിയിട്ടുള്ളത്;

(സി) ഇതിൽ സർക്കാരിന്റെ വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) റവന്യൂടവർനിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്ന ധനകാര്യഏജൻസികളുമായി എന്നാണ് എഗ്രിമെന്റ് ഒപ്പ് വെച്ചത് എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത എഗ്രിമെന്റിലെ വ്യവസ്ഥകൾ എന്തൊക്കെ എന്ന് വിശദീകരിക്കുമോ:

(എഫ്) റവന്യൂ ടവർ നിർമ്മാണ പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ പക്കൽനിന്നും എത്ര തുക ചെലവായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നെടുമങ്ങാട്, അടൂർ, തിരുവല്ല, ചങ്ങനാശ്ശേരി എറണാകുളം, കോതമംഗലം എന്നീ ആറു സ്ഥലങ്ങളിൽ ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന റവന്യൂ ടവർ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി താഴെ വിശദീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly